(എ) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം എത്ര കമ്പനികളും ഫേമുകളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അതിന്റെ ഫലമായി എത്രപേർക്ക് കൂടുതലായി തൊഴിൽ നൽകുവാൻ കഴിഞ്ഞു;

(സി) ഈ കാലത്ത് എത്ര കമ്പനികളും ഫേമുകളും അയൽ സംസ്ഥാനങ്ങളിലേക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ട്;

(ഡി) ഈ കാലത്ത് എത്ര കമ്പനികളും ഫേമുകളും പ്രവർത്തനം അവസാനിപ്പിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 2363 കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കെ. എസ്. ഐ. ഡി. സി.യുടെ സാമ്പത്തികസഹായത്തോടെ നിലവിൽ വന്ന 34 കമ്പനികളിലെല്ലാം കൂടി 3590 പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു. മറ്റുള്ളവയുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കെ. എസ്. ഐ. ഡി. സി.യുമായി ബന്ധമുള്ള 33 കമ്പനികൾ പൂട്ടുകയും അവയിൽ 4 എണ്ണം പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റുള്ളവയുടെ വിവരം ശേഖരിച്ചുവരുന്നു.

ഫാക്ടറികൾ കൂടുതലുള്ള ജില്ലയും കുറവുള്ള ജില്ലയും

91 [1270] ശ്രീ. എ. ഡി. മുസ്തഫ:

,, സി. പി. മുഹമ്മദ്:

,, ഇ. എം. അഗസ്തി:

,, വി. ഡി. സതീശൻ:

,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഫാക്ടറികൾ നിലവിലുള്ളത് ഏത് ജില്ലയിലാണ്;

(ബി) അവിടെ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏറ്റവും കൂറവ് ഫാക്ടറിയുള്ള ജില്ല ഏതാണ്;

(ഡി) അവിടെ എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാലക്കാട് ജില്ലയിൽ അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

92 [1271] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്; ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇങ്ങനെ വ്യവസായശാലകൾ അടച്ചുപൂട്ടിയതുമൂലം എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ 4 വൻകിട-ഇടത്തരം യൂണിറ്റുകളും 50 ചെറുകിട വ്യവസായ യൂണിറ്റുകളും കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിൽ വരുന്ന 11 വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടിയിട്ടുണ്ട്. (സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)†

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ 1230-ഉം കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിൽ 500-ഉം ഉൾപ്പെടെ മൊത്തം 1730 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപന പുനരുദ്ധാരണ ഫണ്ട്

93 [1272] ശ്രീ. കെ. എ. ചന്ദ്രൻ:

പ്രൊഫസർ എ. ഡി. മുസ്തഫ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, ഡി. സുഗതൻ:

,, എം. കെ. പോൾസൺമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly